# മഴവില്ല്

ഗവ. ഹയർസെക്കന്ററി സ്കൂൾ തോട്ടക്കോണം

# എഡിറ്റർ സംസാരിക്കുന്നു...........



2019-2020 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ ഏറെ സന്തോഷത്തോടെ നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു .സ്കൂളിലെ വിദ്യാർത്ഥികളുടെ സർഗ്ഗ സൃഷ്ടികൾ ഞങ്ങൾക്ക് ലഭിച്ച പരിശീലനത്തിലൂടെ ഡിജിറ്റൽരൂപത്തിൽ തയ്യാറാക്കുകയാണ് ചെയ്തത്.ഈ മാഗസിന്റെ സൃഷ്ടിക്കായി ഞങ്ങളെ അകമഴിഞ്ഞ് പ്രോത്സാഹിപ്പികുകയും ,സഹായിക്കുകയുംചെയ്തഎല്ലാഅധ്യാപകർക്കും, ,വിദ്യാർഥികൾക്കു മുള്ളനന്ദി രേഖപ്പെടുത്തുന്നു

ആശംസകളോടെ

ശിൽപ്പ പി

9B

ചീഫ്എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ


| | |
|---|---|
| ചീഫ്എഡിറ്റർ | : ശിൽപ്പ പി |
| എഡിറ്റർമാർ | : ദക്ഷിത് പി |
| | : മനീഷ റ്റി പി |
| | : അനന്ദു നാഥ് |
| | : കൃഷ്ണനുണ്ണി |

അധ്യാപക പ്രതിനിധികൾ

| | |
|---|---|
| ഷെമീംബീഗം എം | ഹെഡ്മിസ്ട്രസ് |
| ശ്രീകല കെ | കൈറ്റ് മിസ്ട്രസ് |
| കുമാരി ബിന്ദു എം | കൈറ്റ് മിസ്ട്രസ് |
| ലത ബി | എസ് ഐ റ്റി സി |

# പ്രിൻസിപ്പൽ



ഡോ.സാബുജി വർഗ്ഗീസ്

തോട്ടക്കോണം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ് ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞു .കുട്ടികളുടെ സർഗ്ഗശേഷിയും സാങ്കേതിക മികവും പ്രകടമാക്കാനുള്ള ഒരു സുവർണ്ണാവസരമായി ഇതിനെ കാണുന്നു. ഈ ഡിജിറ്റൽ മാഗസിന്റെ സൃഷ്ടിക്കായി പ്രവർത്തിച്ച എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ .



# ഹെഡ് മിസ്ട്രസ്



ശ്രീമതി ഷമീം ബീഗം

തോട്ടക്കോണം ഗവൺ മെന്റ് ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു .കുട്ടികളിലെ സാഹിത്യപരമായ കഴിവുംവിവരസാങ്കേതിക വിദ്യയിലെ വൈദഗ്ധ്യവും പ്രകടമാക്കാൻ ഈ ഡിജിറ്റൽ മാഗസിൻ സഹായകമാകട്ടെയെന്നു ആശസംസിക്കുന്നു



# ആശംസ



പ്രമോദ്കുമാർ

പി റ്റി എ പ്രസിഡൻറ്

തോട്ടക്കോണം ഗവൺ മെന്റ് ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾ സ്കൂളിൽ മികവാർന്ന പ്രവർത്തനങ്ങളാണ് കാഴ്ച വച്ചിട്ടുള്ളത് .ഈ ഡിജിറ്റൽ മാഗസിനിലൂടെ അവരുടെ വിവരസാങ്കേതിക വിദ്യയിലുള്ള പ്രാഗൽഭ്യം ഒരിക്കൽ കൂടി തെളിയിച്ചിരിക്കുന്നു .മാഗസിന് വേണ്ടി പ്രവർത്തിച്ച എല്ലാവർക്കും പി ടി എ യുടെ അനുമോദനങ്ങൾ .



# ഉള്ളടക്കം

**ലിറ്റിൽകൈറ്റ്സ് മികവിന്റെ പാതയിൽ........................................................7**

**പുഴയൊഴുകും വഴി(കവിത)...............................................................................8**

**അവൾ (കഥ) ...................................................................................... 9**

**ബാല്യകാലം(കവിത)..................................................................................11**

**പുഴയുടെ തേങ്ങൽ.(കവിത)..........................................................................12**

**സമാധാനത്തിന്റെ നേർരേഖകൾ.....................................................................13**

**പുഴ (കവിത)...................................................................................................15**

**കുഞ്ഞനിയത്തി(കവിത)..................................................................................16**

**ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ ആവശ്യകത..................................................17**

**പ്രാണസഖി (കവിത).........................................................................................19**

**കടംകഥകൾ.......................................................................................................20**

**നഷ്ടപ്പെടുന്ന പരിസര ശുചിത്വം.........................................................................21**

**ഇന്ധന സംരക്ഷണം...........................................................................................23**

**മഹത് വചനങ്ങൾ..............................................................................................25**

**ഭൂഖണ്ഡങ്ങളിലൂടെ.............................................................................................26**

**Fun With Numbers.......................................................................27**
**Words Last Forever.......................................................................28**
**The Magic Of Our Life...................................................................29**
**The Pleasure Of Reading...............................................................30**
**Fight Against Corruption...............................................................31**
**Largest in India.............................................................................32**

**चंचल.........................................................................................33**

**बेटी..........................................................................................34**

**ALBUM.......................................................................................35**

# ലിറ്റിൽ കൈറ്റ്സ് - മികവിന്റെ പാതയിൽ

ശ്രീകല കെ. (കൈറ്റ്മിസ്ട്രസ്)
കുമാരി ബിന്ദു എം(കൈറ്റ്മിസ്ട്രസ്)

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഇന്ന് എല്ലാ പൊതുവിദ്യാലയങ്ങളുംവിവരസാങ്കേതിക മികവിന്റെ കേന്ദ്രങ്ങളായിരിക്കുന്നു.വിദ്യാർഥികളുടെ എണ്ണത്തിന് ആനുപാതികമായി ലാപ്പ്ടോപ്പുകളും, പ്രോജെക്റ്ററുകളും വൈ -ഫൈ കണക്ഷനുകളുമുള്ള ക്ലാസ്സുറികളിൽ കുട്ടികൾക്ക് ഇന്ന് വിജ്ഞാനം വിരൽത്തുമ്പിൽ ലഭ്യമാണ്. നിരന്തര പരിശീലനത്തിലൂടെ അധ്യാപകരും പഠന ബോധന പ്രക്രിയകൾക്കും ,മൂല്യനിർണയത്തിനും, വിവരവിനിമയ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനു പ്രാപ്തരായിട്ടുണ്ട് .

ഹൈ- ടെക് ക്ലാസ്സ്മുറികളുടെ പരിപാലനത്തിനും ,ഉപകരണ സജ്ജീകരണത്തിനും പഠനവിഭവങ്ങൾ തയ്യാറാക്കുന്നതിനുമായി കുട്ടികൾക്ക് പ്രത്യേക പരിശീലനം നല്കുന്നതിനായി 2018 ൽ കൈറ്റ് ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതി ഇന്ന് മികവിന്റെ പാതയിലാണ് .ലക്ഷ ക്കണക്കിന് വിദ്യാർഥികൾ ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബിലൂടെ ഐ ടി യുടെ വിവിധ മേഖലകളിൽ പ്രാവീണ്യം നേടിയിട്ടുണ്ട് .ഇതോടൊപ്പം തന്നെ കുട്ടികൾക്ക് അവർക്കു അഭിരുചിയുള്ള മേഖലകളിൽ വിദഗ്ധരുടെ പരിശീലനവും ലഭ്യമാണ് .മലയാളം കമ്പ്യൂട്ടിങ് ,ആനിമേഷൻ ,വീഡിയോ എഡിറ്റിങ് ,പ്രോഗ്രാമിങ്, ഇലക്ട്രോണിക്സ് സൈബർ സുരക്ഷാ എന്നീ വിഷയങ്ങളിലാണ് പരിശീലനം നൽകുന്നത് .

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ രക്ഷാകർത്തകൾക്കായി നടത്തിയ "സ്മാർട്ടമ്മ " പദ്ധതിയിലൂടെ നിരവധി രക്ഷാകർത്തക്കളെ കമ്പ്യൂട്ടർ സാക്ഷരരാക്കുവാൻ കഴിഞ്ഞിട്ടുണ്ട് .പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് നൽകിയ പരിശീലനം ,രക്ഷാകർത്തകൾക്കു ക്യൂ ആർ കോഡ് സ്കാനിങ്ങിൽ നൽകിയ പരിശീലനം ,സ്കൂളിലെ വിവിധ പ്രവർത്തനങ്ങളുടെ ഡോക്യൂമെന്റഷൻ,ആനിമേഷൻ ചിത്രങ്ങളുടെ നിർമ്മാണം എന്നിവ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പ്രധാന പ്രവർത്തനങ്ങളാണ് .

2019-2020 ംബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ മലയാളം കംപ്യൂട്ടിങ്ങിൽ ലഭിച്ച പരിശീലനം പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടു തയ്യാറാക്കിയ *മഴവില്ല്*എന്ന ഡിജിറ്റൽ മാഗസിൻ അവരുടെ സ്വപ്ന സാക്ഷാത്കാരമാണ്.

# പുഴയൊഴുകും വഴി



പവിത്ര .എസ്
8B

നിന്നെ നശിപ്പിക്കും ഞാൻ
ഇന്ന് ഞാൻ ഇവിടെയീ വാകമരച്ചോട്ടിൽ ഇരിക്കുമ്പോൾ
ഇന്നലെ എന്നെ തഴുകിയ പുഴയീ,
കാവിനുള്ളിൽ മരിക്കുമ്പോൾ ,
അറിയാതെ ഉതിരുന്ന അശ്രു നീ തുടയ്ക്കുക ,
ജ്വലിക്കുക നീ നാളേക്ക് വെളിച്ചമായി .

എന്റെ ഏകാന്തതയുടെ കൂട്ടായി '
എന്റെ നിഴലായി മാറിയ ,
കൂട്ടുകാരി നിന്നെ ഞാൻ
ദ്രോഹിക്കുന്നു ....
നിന്നെ നശിപ്പിക്കുന്നു ...
ഇന്നലെനീ എന്നിലൂടെ ഒഴുകയും,
ഇന്ന് നീ എന്നിലൂടെ ജ്വലിക്കയും ,
നാളെ നീ എന്നിലൂടെ ജനിക്കയും ,
ചെയ്യുന്ന ഓമനേ,
നിന്നെ ഞാൻ പുഴയെന്നു വിളിക്കുന്നു
ഇന്നിവിടെ നിന്റെ കടവിൽ ,
തോണികൾ ചലിക്കുന്നില്ല
ഇന്നിവിടെ നിന്റെ മാറിൽ ,
നെടും ചൂരികൾ ശയിക്കുന്നില്ലാ
നാളെ നീയൊഴുകിയ വഴിയും മായും
നീ മാഞ്ഞു പോകാൻ ഉതകിയ
ഞാനും മായും. നിന്നെ ഒന്ന് പുണരാൻ ,
നിന്നിൽ ഒന്ന് അലിയാൻ,
എന്നും ഞാൻ കൊതിക്കും
അന്ന് ഞാൻ കരയും
നിനക്കായ് എന്തെങ്കിലും ചെയ്യാമെന്നോർത്ത് !



# അവൾ



സർഗപ്രീയ
10A

തെരഞ്ഞെടുപ്പ് പ്രചാരണം പൊടിപാറുന്നു, നാനാ നിറത്തിലുള്ള കൊടികൾ മാനം മുട്ടെ ഉയരത്തിൽ പാറിക്കളിക്കുന്നു .തോരണങ്ങൾ കൊണ്ട് വഴിയരികുകൾ നിറഞ്ഞു. .ഭിത്തികളിലും മതിലുകളിലും പോസ്റ്ററുകൾ നിറഞ്ഞു .ശബ്ദകോലാഹലം വേറെയും .സ്ഥാനാർഥികൾ ഓടിനടക്കുകയാണ് അവർക്കു പിന്നാലെ അണികളും .

രാവിലെ തുടങ്ങിയ പരക്കം പാച്ചിലാണ് സന്ധ്യ കഴിഞ്ഞിട്ടും അത് തീരുന്നില്ല സ്ഥാനാർഥികളും അണികളും തളർന്നിരിക്കുന്നു. എങ്കിലും ആരും അത് പുറത്തു കാണിക്കുന്നില്ല. കടയായ കടയെല്ലാം കേറിയിറങ്ങുന്നതിനിടയിലാണ് അടച്ചിട്ടിരിക്കുന്ന കടത്തിണ്ണയിൽ അവളെ അവൻ കണ്ടത് .രവി ഉടൻ തന്നെ സ്ഥാനാർഥിയായ ശങ്കറിന്റെ അടുത്ത് ചെന്ന് കാര്യം പറഞ്ഞു അവന്റെ മുഖം വിളറി ശങ്കറിന്റെകണ്ണുകൾ അവൾക്കു വേണ്ടി പരാതി .രവി ആ കടത്തിണ്ണയിലേക്കു വിരൽ ചൂണ്ടി .ശങ്കർ വിയർത്തു കൈകൾ വിറക്കാൻ തുടങ്ങി എന്തോ പരവേശം അയാളുടെ ശരീരത്തിൽ പെട്ടെന്ന് പ്രത്യക്ഷമായി .ഉടൻതന്നെ മറ്റു അണികളെ രവി പറഞ്ഞയച്ചു എല്ലാവരും പിരിഞ്ഞു പോയെന്നു ഉറപ്പു വരുത്തിയ ശേഷം രവിയും ശങ്കറുംകൂടി കടത്തിണ്ണയിലേക്കു ചെന്നു.

കീറിപ്പറിഞ്ഞ മുഷിഞ്ഞ സാരി കൊണ്ട് മുഖം മറച്ചിരുന്ന അവളുടെ തോളത്ത് തട്ടി ശങ്കർ വിളിച്ച് ശ്യാമേ ............ഞെട്ടിത്തരിച്ച അവൾ മുഖമുയർത്തി നോക്കി .അവളുടെ കണ്ണിലൂടെ ഒഴുകിയ കണ്ണുനീർ ത്തുള്ളി ആ നിലാവത്ത് തിളങ്ങി .ആ നിശബ്ദതയെ തട്ടി ത്തെറിപ്പിച്ച് അഭിരാം ഉറക്കെ വിളിച്ച് "ശങ്കേറേട്ടാ" ....അവർ മൂവരും നടുങ്ങി .അഭി പതുക്കെ അവരുടെ അടുത്തേക്ക് വന്നു ."എന്താ ശങ്കേറേട്ടാ നിങ്ങൾ എല്ലാവരെയും പറഞ്ഞു വിട്ടിട്ടു ഇവിടെ നിൽക്കുന്നതു?" .അവനു മറുപടി ആരും കൊടുത്തില്ല അവളെ കണ്ടു അഭി ചോദിച്ചു

ഇതാരാ ശങ്കേറേട്ടാ? ...അഭിയുടെ ചോദ്യങ്ങൾക്കു മറുപടിയില്ലായിരുന്നു .രവി പതുക്കെ അഭിയേയും ചേർത്ത് പിടിച്ച് കുറച്ചകലത്തു നീങ്ങി .അഭി വീണ്ടും ചോദ്യങ്ങൾ ചോദിയ്ക്കാൻ തുനിഞ്ഞു .രവി അതിനു തൊട്ടു മുമ്പ് തന്നെ പറഞ്ഞു "നീ ഇങ്ങോട്ടോന്നുംചോദിക്കണ്ട ഞാൻ പറയുന്നത് കേൾക്കുക അത്ര മാത്രം ".വികാരഭരിതനായി രവി തിരിഞ്ഞ്ഞു നിന്ന് പറഞ്ഞു തുടങ്ങി .അത് ശ്യാമയാണ് നിനക്കോർമ്മയില്ലേ ഒന്നര വർഷംമുമ്പ് എല്ലാ പത്രങ്ങളുടെയും ഫ്രണ്ട് പേജിൽ വലിയ കോളത്തിൽ നാട് മുഴുവൻ"ഇര "എന്ന് വിളിച്ചത് അവളെയാണ് .അഭി ആശ്ചര്യത്തോടെ കടത്തിണ്ണയിലേക്കു നോക്കി. രവി തുടർന്നു അതെ ശങ്കറിന്റെ അനിയത്തി അന്ന് ഇതുപോലൊരു രാത്രി കോളേജിൽ പോയി മടങ്ങി വരുന്ന അവളെ കൂട്ടബലാത്സംഗത്തിന് ഇരയാക്കിയത് അതെ കടമുറിയിൽ വച്ചാണ് .നാട്ടും വീട്ടും ഒക്കെ അവളെ തള്ളി പറഞ്ഞപ്പോൾ നീതിക്കായി അവൾ ഒറ്റയ്ക്ക് പൊരുതി എന്നാൽ കോടതി പോലും കച്ചവടത്തിനായി തുറക്കുന്ന ഈ കാലഘട്ടത്തിൽ അവളുടെ ആ കേസ് സാക്ഷികളോ തെളിവുകളോ ഇല്ലതെകെട്ടഴിക്കാൻ പറ്റാത്ത ഒരു കുരുക്കായി കോടതി മുറിയിലെ പൊടി പിടിച്ച അലമാരയിൽ ഇരുന്നു .ഇപ്പോൾ നമ്മൾ കൊടിപിടിക്കുന്ന ശങ്കറും അവളെ തള്ളിപ്പറഞ്ഞവനാണു .എന്നിട്ടിപ്പോൾ അവളുടെ പേരും പറഞ്ഞു അവൻ വോട്ടു ചോദിക്കുന്നു എന്ത് ചെയ്യാനാ പാർട്ടി പറയുന്നത് അനുസരിച്ചല്ലേ പറ്റൂ .

അഭി അവിടെ നിന്നും ഒന്നും മിണ്ടാതെ തിരിഞ്ഞു നടന്നു ആ സംഭവമവന്റെ മനസ്സിൽ നിന്നും മായുന്നില്ല , അന്ന് രാത്രി അവൻ പേനയും പേപ്പറും കൈയ്യിലെടുത്തു . ഇന്ന് ലോകത്ത് നടക്കുന്ന ഇത്തരം അനീതികളെ പേനയെന്ന ഉടവാളിലൂടെ തുറന്നുപറയാൻ അവൻ തീരുമാനിച്ചു. പേപ്പറിന്റെ ഏറ്റവും മുകളിൽ അവൻ എഴുതി "ചില ജീവിതങ്ങൾ "

# ബാല്യകാലം





ജ്യോതിക ജെ

ആരോരുമില്ലാത്ത ബാല്യകാലം ..
ഞാനെന്നിലില്ലാതിരുന്ന പോലെ
പടിയിറങ്ങുമ്പഴേ പ്രതീക്ഷയായ്
കിളിവാതിൽ ആരോ തുറന്ന പോലെ
എന്നും പ്രതീക്ഷ പ്രതീക്ഷ തൻ
ജീവിതം ......
വർണ്ണാഭമാക്കുന്ന വർണ്ണമുണ്ടോ
സ്വപ്നത്തിൽ ആരോ ചിരിച്ച പോലെ
എന്റെ ദുഖങ്ങളെല്ലാം അകന്നപോലെ
ആരോരുമില്ലാത്ത മുറിവേറ്റ കിളിയെപോൽ
ഞാനെന്നും ഏകയായി ,എകയായി .........
നഷ്ടപ്പെടും വരെ നഷ്ടപ്പെടുന്നതിൻ
നഷ്ടമെന്താണെന്നതോർത്തില്ല നാം
ഇരുട്ടിലും ഏതോ നറുങ്ങു വെട്ടം
അന്നും പ്രതീക്ഷ പ്രതീക്ഷയായ ജീവിതം
ഒറ്റപ്പെടലിന്റെ ഓർമ്മകൾ മാത്രമായ്
മുറിവേറ്റ എന്റെയീ ബാല്യകാലം
കാലം കടന്നുപോയ് ലോകം കടന്നുപോയ്
അന്നും പ്രതീക്ഷ പ്രതീക്ഷയായ് ജീവിതം



# പുഴയുടെ തേങ്ങൽ



ശ്രീലക്ഷ്മി
10A

പുഴ ഒഴുകും വഴിയിലേതോ
ഒരു കുഞ്ഞിൻ തേങ്ങൽ കേൾക്കാം
ഒരുപാടുനാളായി കാതോർത്തിരിന്നിട്ടും
കേൾക്കാത്ത ഒരു ചെറു ഗീതം കേൾക്കാം
കാറ്റിന്റെ താളം കേൾക്കാം
മരത്തിന് മർമ്മരം കേൾക്കാം
കിളി തൻ കൊഞ്ചൽ കേൾക്കാം
പൂവിന്റെ സുഗന്ധം നുകരാം.
പുഴ ഒഴുകുന്ന ജീവിതം പോലെ .....
'അമ്മ മനസ്സിൻ താരാട്ടു പോലെ ,
പിഞ്ചു കുഞ്ഞിന്റെ പുഞ്ചിരി പോലെ ,
യുവതി തൻ സൗന്ദര്യം പോലെ ,
പുഴ ഒഴുകും വഴിയിൽ കാണാം
ആ പിഞ്ചു കുഞ്ഞിന് തേങ്ങൽ
പെറ്റമ്മ ഉപേക്ഷിച്ച ചോര കുഞ്ഞിൻ
പാൽ പുഞ്ചിരി .
വഴിയിൽ കാണാം കുന്നുകൾ നികത്തുന്നത്,
മാലിന്യംവലിച്ചെറിയുന്നത്,
മണൽ വാരുന്നത്,
പച്ച മനുഷ്യനെ കുത്തി
കൊലപ്പെടുത്തുന്നത്.




ദേവിക സുരേഷ്
6B

# സമാധാനത്തിന്റെ നേർരേഖകൾ

ബ്രിട്ടീഷ് ഇന്ത്യയിലെ ആർമി ഓഫീസറും നയതന്ത്രഞ്ജനുമായ സാർ ആർതർ ഹെന്റി മക്മോഹൻ 1980 ലാണ് ഇന്ത്യയിലെത്തിയത്. 1914 മുതൽ 1917 വരെ ഈജിപ്ഷ്യൻ ഹൈകമ്മീഷണറായിരുന്ന ഇദ്ദേഹത്തിന്റെ പേരിലാണ് ഇന്ത്യയും ചൈനയും തമ്മിലുള്ള അതിർത്തി നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത് .

1914 ലെ ഷിംല സമ്മേളനത്തിന്റെ ഭാഗമായിട്ടാണ് ഇന്ത്യ - ചൈന അതിർത്തിക്ക് മക് മോഹൻ രേഖ എന്ന പേര് നൽകിയത് .അരുണാചൽ പ്രദേശിന് ചുറ്റും 890 കിലോമീറ്റർ നീളത്തിൽ ഈ അതിർത്തി നിലകൊള്ളുന്നു.

## വാഗാ അതിർത്തി

പതാക താഴ്ത്തൽ ചടങ്ങിനോടൊപ്പം എല്ലാ സായഹ്നങ്ങളിലും സില്ലി വാക്ക് ചടങ്ങ്എന്നറിയപ്പെടുന്ന മാർച്ചിങ് ചടങ്ങ് വാഗാ അതിർത്തിയിൽ നടത്തുന്നു .അക്കാലത്ത് സംഘട്ടനമൊന്നുമുണ്ടായിരുന്നില്ലെങ്കിലും സമാധാന സൂചകമായാണ് 1986 ൽ ഈ ചടങ്ങു ആരംഭിച്ചത് .മറ്റു മിഡിൽ ഈസ്റ്റ് രാജ്യങ്ങളും സമീപ വർഷങ്ങളിൽ സമാനമായ ചടങ്ങുകൾ സ്വീകരിച്ചു.അമൃത് സറിന്റെയും ലാഹോറിന്റെയും ഇടയിലുള്ള ഗ്രാൻഡ് ട്രങ്ക് റോഡിലാണ് ഇതിന്റെ

സ്ഥാനം .ഏഷ്യയിലെ ബെർലിൻ മതിൽ എന്നാണ വാഗാ അതിർത്തി അറിയപ്പെടുന്നത്

വാഗാ അതിർത്തിയിൽ എല്ലാ ദിവസവും പതാക താഴ്ത്തൽ ചടങ്ങു നടക്കാറുണ്ട് . വാഗയിലൂടെയാണ് ഇന്ത്യയെയും പാകിസ്താനെയും വേർതിരിക്കുന്ന റാഡ്ക്ലിഫ് രേഖ കടന്നു പോകുന്നത് .



# പുഴ

ഇളംകാറ്റുകൊള്ളുവാൻ മോഹമുയരുന്നു
എന്നിൽ ,മണ്ണിലൂടൊന്നു നടന്നീടുവാൻ
അന്നുകണ്ടതെല്ലാം മറന്നേപോായ് ഞാൻ
വെറു മൊരു ഓർമ്മയായ് ആ ദിനങ്ങൾ
എന്നിനെന്നെ കൊല്ലുന്നു ഇങ്ങനെ
എന്തിനുവേണ്ടി? എന്തിനുവേണ്ടി ?
ഉറക്കത്തിൽ കണ്ട സ്വപ്നം പോലെ
ആ പച്ചപ്പും മരങ്ങളും പൂക്കളും
പൂമ്പാറ്റകളും.
എല്ലാം തന്നെ മറന്നേപോയ്....
പേരുകൾ മാത്രമായ് അവ എൻെറ് മനസ്സിൽ.
ഒഴുകിയ വഴിപോലും മറന്നുപോയ് ഞാൻ
മനസ്സിൻെറ മടിത്തട്ടിൽ നിന്നുയരുന്ന നാദം....
കണ്ണീരിൻെറ അനർഗളനിർഗള നാദം.



# കുഞ്ഞനിയത്തി



അനുഗ്രഹ നന്ദനം

അവളെന്നെ വിട്ടുപോയ
ആനിമിഷം  മുതൽ എന്റെ
മനസ്സ് ഒരുപാഴ് വസ്തുവായി
മാറി. അവളില്ലാതെ എന്റെ
മനസ്സ് ഒരിക്കലും ശാന്തമാകില്ല.
ഇ ക്കാലം അത്രയും കഴിഞ്ഞിട്ടും
അവളുടെ വേർപാട് എന്റെ
മനസ്സിൽനിന്നും മായുന്നില്ല.
അവളെന്നെ വിട്ടുപോയ...
ആദിനങ്ങളത്രയും എന്റെ
മനസ്സിലെ കറുത്ത ദിനങ്ങളായിരുന്നു.
അവളില്ലാതെ എന്റെ ജീവിതം
അനാഥമായിരുന്നു.
അവളാണ് എന്റെ എല്ലാം.
അവളാണ് എന്റെ ജീവിതം.
എനിക്ക് സ്നേഹിക്കാൻ  ഈ ലോകത്ത്
അവൾ മാത്രമേ ഉള്ളായിരുന്നു.
ഇനി അവളും എന്റെ ജീവിതത്തിൽ ഇല്ല.
ഞാൻ ഇന്ന് ഒറ്റക്കാണ്.
അവൾ എന്റെ കുഞ്ഞനിയത്തി
മാത്രമല്ലഅവളാണ് എന്റെ ജീവിതം.
അവളുടെ ഒരായിരം വേർപാടുകളും
വേദനകളും എന്റെ മനസ്സിലിങ്ങനെ ഒഴുകുന്നു.



അതുല്യ
10A

# ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയും സാമൂഹിക പങ്കാളിത്തവും

നമ്മുടെ ചുറ്റുപാടുകളിൽ നോക്കിയാൽ ഭിന്നശേഷിക്കാരായിട്ടുള്ള അനേകംപേർ നമ്മുടെ ഇടയിലുണ്ട് . അവർക്ക ഈ അവസ്ഥയുണ്ടായത് നമ്മുടെ കാരണമോ അവരുടെ പ്രവൃത്തികൊണ്ടോ അല്ല . അതിനാൽ നമ്മൾ സമൂഹത്തിൽ ഒറ്റപ്പെടുത്തേണ്ടതില്ല . നമ്മുടെ സുഹൃത്തായാലും ബന്ധുക്കളായാലും നമ്മളോടോപ്പം ഉയർന്നെഴുന്നേൽപ്പിക്കാൻ സാധിപ്പിക്കണം .ഈ ലോകം എന്ന് പറയുന്നത് നമ്മുടേത് മാത്രമല്ല , അവരുടേതുകൂടിയാണ് . അവർക്കും കാണും ഓരോ സ്വപ്നങ്ങളും കഴിവുകളും . അത് വളർത്തിയെടുക്കേണ്ടതാണ് നമ്മുടെ ചുമതല . ഭിന്നശേഷിയുള്ള വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കാൻ ശ്രമിക്കണം . നമ്മളോടൊപ്പം കൊണ്ടുവരണം അവരുടെ കഴിവുകൾ . പുറം ലോകം അറിയുന്നവയാക്കി മാറ്റണം . ഭിന്നശേഷിയുള്ള വിദ്യാർത്ഥിയെ ഒരിക്കലും തള്ളിപറയരുത് അവർ നമ്മളോടൊപ്പം വരേണ്ടവരാണ് . ഭിന്നശേഷി ആയതിനാൽ വിദ്യാഭാസം നല്കാതിരിക്കയോ അവരെ കളിയാക്കി സംസാരിക്കുകയോ ഒന്നും നമ്മൾ ചെയ്യരുത് . അവർ ഒരുപക്ഷെ നല്ലനിലയിലാവേണ്ടവരാണ് .

മഴവില്ല്

നമ്മുടെ സമൂഹത്തിൽ എത്രയോ പേർ ഭിന്നശേഷിയുള്ളവരാണ് . സമൂഹത്തിൽ അവർക്കും അവരുടേതായസ്ഥാനം നൽകണം . അഞ്ചു വയസു മുതലുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭാസം അനിവാര്യമാണ് . ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം വേണ്ടായെന്നു ആരും പറഞ്ഞിട്ടില്ല. ഒരു വ്യക്തിയുടെ മൗലികാവകാശമാണ് വിദ്യാഭാസത്തിനുള്ള അവകാശം .

ഇങ്ങനെയുള്ള കൂട്ടുകാരാരെങ്കിലും നമ്മുടെ ഇടയിലുണ്ടെങ്കിൽ അവരുമായി കൂടുതൽ ഇടപെട്ടു അവരുടെ ഇഷ്ടാനിഷ്ടങ്ങൾ അറിയുകയും അവരുടെ കഴിവുകളെക്കുറിച്ചും അവരുടെ ആ ചുറ്റുപാടും മനസിലാക്കി നമ്മൾ അവരോടു പെരുമാറണം . അവർക്കു തുല്യ അവകാശമാണുള്ളത് . അവർ ഭിന്നശേഷിയായതിനാൽ അവരെ മാറ്റിനിർത്തരുത് . അവർ നമ്മളെ സംബന്ധിച്ച് ആരോഗ്യമില്ലായിരിക്കും . എന്നാൽ അവർക്ക്പലസവിശേഷതകളുണ്ട്.നമുക്ക് കഴിയുംവിധം അവരെ മുന്നോട്ട് കൊണ്ടുവരണം . അവരെ പുതിയൊരു ലോകത്തേക്ക് എത്തിക്കാൻ സാധിക്കണം .



# പ്രാണസഖി




ഒരുനാളീകളിമുറ്റത്ത് ഓടികളിച്ചിരുന്ന
പ്രാണസഖി...നീയും  ഞാനും...............
ഇനിയെത്തുമോ മധുരമുള്ളോർമകൾ ?....
ഇനിയെത്തുമോ മൂകമാം നിമിഷങ്ങൾ ?.....
നിൻ കാലിടറിയാൽ നീറുമെന്നുള്ളം.......
നിൻ നറുപുഞ്ചിരിയോർക്കുന്നു ഞാൻ പ്രിയേ ........
നീ പോയ്മറഞ്ഞീടുമ്പോൾ .......
ആരുമറിയാതെ ഞാൻ മെല്ലെ  തേങ്ങീടുന്നു.......
ആറ്റിലെവെള്ളം കോരിക്കുടിച്ചതും......
നീ കാണുവാനായി മരം കേറി കൊമ്പത്തെ
നീറിന്റെ കൂടൊന്നുലഞ്ഞ കാലം .......
മുന്നോട്ടു പോയിട്ട് പിന്നോട്ടു നോക്കി നീ
കണ്ടു ഞാനെന്നു ചിരിച്ചകാലം .......
നീ തച്ചു തന്നീടും പൂവിൻ തുവാലകൾ
തട്ടിൻ പുറത്തു ഒളിപ്പിച്ചീടും കാലം .......
അക്കാലമാണ് ഞാൻ ഉണ്ടായിരുന്നതെ-
ന്നിക്കാലമത്രേ തിരിച്ചറിഞ്ഞു ........
നഷ്ടപ്പെടും വരെ നഷ്ട്ടപ്പെടുന്നതിൻ
നഷ്ടമെന്താണെന്നതോർക്കില്ല നാം .........
നഷ്ട പ്രണയത്തിനോർമപോൽ
ഇത്രമേൽ മധുരിക്കുമനുഭൂതി വേറെയുണ്ടോ ?
ഒരു നോക്കു കാണുവാനിന്നും കൊതിച്ചീടുന്നു
പ്രിയസഖീ നീ എവിടെയാണെവിടെയാണെവിടെ ?






സൗഭാഗ്യ പി വി

**8B**

# കടങ്കഥകൾ

**1.**അടയ്ക്കും തുറക്കും കിങ്ങിണി പത്തായം - കണ്ണ്

**2.**അടിപാറ, നടുവടി, മീതെ കുട - ചേന

**3.**അമ്മയെ തൊട്ട മകൻ വെന്തുമരിച്ചു - തീപ്പെട്ടിക്കൊള്ളി

**4.**ഒരമ്മ പെറ്റതൊക്കെ കറുത്ത പട്ടാളം - കട്ടുറുമ്പ്

**5.**കറിക്കുമുമ്പന് ഇലക്കുപിമ്പൻ - കറിവേപ്പില

**6.**കാലൊന്നേയുള്ളു യാത്ര ഏറെ - കുട

**7.**കൊക്കിരിക്കും കുളം വറ്റി വറ്റി - വിളക്ക്

**8.**പൊന്ന് തിന്ന് വെള്ളിത്തുപ്പി - ചക്കക്കുരു

**9.**പാൽമൊന്തയിൽ കരിമീൻ - കണ്ണ്

**10.**മുള്ളുണ്ട് മുരിക്കല്ല, വാലുണ്ട് പശുവല്ല - ചക്ക

**11.**മുക്കണ്ണൻ ചന്തക്കു പോയി - തേങ്ങ

**12.**തോളിൽ തൂങ്ങി തല്ലു കൊള്ളി - ചെണ്ട

**13.**അമ്പട്ടെ പട്ടിക്ക് മുമ്പോട്ടു വാല് - ചിരവ

**14.**ഒറ്റക്കാലൻ ചന്തക്കു പോയി - കുട





പത്മ രതീഷ്
6A

# നഷ്ടപ്പെടുന്ന പരിസരശുചിത്വം

കേരളം സുന്ദരമാണ്. ശുചിത്വമുള്ള നാടാണ്.മഴ ധാരാളമുള്ള,ഒട്ടേറെ കിണറുകളും,പുഴകളും,തോടുകളും ഉള്ള നാടാണ്. ശുചീകരണബോധം മലയാളികളുടെ സംസ്കാരത്തിന്റെ ഭാഗമാണ്. പണ്ടുള്ള അവസ്ഥയിൽനിന്ന് ഇന്ന് സ്ഥിതി മാറിയിരിക്കുന്നു.മലയാളികളുടെ ശുചിത്വം ഇന്ന് സ്വന്തം വീടിനും മുറ്റത്തിനും അപ്പുറത്തേക്ക് ഇല്ലെന്നായിരിക്കുന്നു.ഗ്രമങ്ങളിലും നഗരങ്ങളിലും ഇന്ന് ഒരുപോലെ അഴുക്ക നിറഞ്ഞിരിക്കുകയാണ്.ആരോഗ്യസംരക്ഷണ ജീവിതരീതി ഇന്ന് നശിച്ചുകൊണ്ടിരിക്കുന്നു.ശുചീകരണപ്രവർത്തനങ്ങൾതദ്ദേശസ്വയംഭരണസ്ഥാപന ങ്ങളുടെ ചുമതലയാണെങ്കിലും അവർ തങ്ങളുടെ കർത്തവ്യം നിറവേറ്റുന്നതിൽ പരാജയപ്പെടുന്നു.വീടുകളിൽനിന്നുള്ള മാലിന്യങ്ങൾ പ്ലാസ്റ്റിക് സഞ്ചികളിൽ നിറച്ചു പൊതുസ്ഥലത്തു നിക്ഷേപിക്കുന്നു. അവ അഴുക്കുചാലുകളിൽ നിറഞ്ഞു ദുർഗന്ധം പരത്തുന്നു. അധികാരത്തിനും പണത്തിനും വേണ്ടി കലഹിക്കുന്ന രാഷ്ട്രീയ പാർട്ടി കളും ഭരണ നേതാക്കളും നമ്മുടെ നാടിൻറെ ഈ ദുസ്ഥിതിയെ അൽപ്പം ഒന്ന് ചിന്തിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

മനുഷ്യന്റെ സ്വാർത്ഥത കാരണം പ്രകൃതി സമ്പത്തുകളിൽ ക്രമാതീതമായ മാറ്റം ഉണ്ടാകുന്നു. മാലിന്യങ്ങൾ വേണ്ടപോലെ കൈകാര്യം ചെയ്യാനുള്ള ശാസ്ത്രീയ സംവിധാനങ്ങൾകണ്ടെത്തുകയും അവ പ്രാവർത്തികമാക്കുകയും വേണം. വീടുകളിൽ ഉൽപ്പാദിക്കപ്പെടുന്ന ജൈവ അവശിഷ്ടങ്ങൾ ഉപയോഗിച്ചു മണ്ണിരക്കമ്പോസ്റ്റ് ഉണ്ടാക്കി ചെടികൾക്ക്

ആവശ്യമായ ഒന്നാന്തരംജൈവവളം ഉൽപ്പാദിക്കാവുന്നതാണ്. മലിനവസ്തുക്കൾ വലിച്ചെറിയാതെ ഇപ്രകാരം പ്രയോജനപ്പെടുത്താനുള്ള സുമനസ്സ് പൊതുജനങ്ങൾക്ക് ഉണ്ടാകണം. 'വേസ്റ്റ് മാനേജ്മെന്റ്' എന്ന വിഷയത്തിൽ സാങ്കേതിക വൈദഗ്ദ്ധ്യം നേടിയവരുടെ സഹായം വിവിധ സർക്കാർമേഖലകളെ ഏകോപിപ്പിച്ചുകൊണ്ട് മാലിന്യനിർമ്മാജ്ജനവും സംസ്കരണവും നടത്തുവാനുള്ള പദ്ധതികളും അതിനുള്ള നിയമ നിർമ്മാണവും സർക്കാർ ഭാഗത്തുനിന്ന് ഉണ്ടാകണം. സംസ്ഥാനത്തു തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ ശുചിത്വ പൂർണ്ണമായ ഒരു പരിസ്ഥിതി ഉണ്ടാക്കിയെടുക്കുന്നതിന്റെ ആവശ്യകതയിലേക്കാണ് ഈ പ്രശ്നം വിരൽ ചൂണ്ടുന്നത്.





സർഗപ്രീയ
10 A

# ഇന്ധന സംരക്ഷണം- ആരോഗ്യകരവും മെച്ചപ്പെട്ടതുമായ പരിസ്ഥിതിക്ക് വേണ്ടി

ഏതൊരു വികസ്വര രാജ്യവും നേരിടുന്ന കനത്ത വെല്ലുവിളിയാണ് ഊർജ പ്രതിസന്ധി ,ഊർജത്തിന്റെ ഉറവിടമേതായാലും ഒരു രാഷ്ട്രത്തിന്റെ സകല വികസന മേഖലകളെയും ഇത് ബാധിയ്ക്കും എന്നതിന് സംശയമില്ല .ഊർജം എന്ന പദം ഒരു ഭൗതീക ശാസ്ത്ര പ്രശ്നത്തിലേക്കു വിരൽ ചൂണ്ടുന്നു .

നാം ഉപയോഗിക്കുന്ന വിറകു മുതൽ പെട്രോൾ അടക്കമുള്ള ഇന്ധനങ്ങൾ ഊർജ സ്രോതസ്സുകളാണ് .എണ്ണ മറ്റുള്ള ഇന്ധനങ്ങളെ അപേക്ഷിച്ച് വളരെ പ്രാധാന്യമുള്ളതാണ് .വിവിധ ഗാർഹിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പെട്രോളിയം ,മണ്ണെണ്ണ എന്നിവയ്ക്ക് ദൈനം ദിന ജീവിതത്തിൽ വളരെ പ്രാധാന്യമാണ് ഉള്ളത് .

ലോകത്തെ ജനസംഖ്യ വർധിക്കുന്നതനുസരിച്ച് ഇന്ധനത്തിന്റെ ആളോഹരി ഉപയോഗവും വർധിച്ചിരിക്കുകയാണ് .അമിതമായ ഉപയോഗം മൂലം വളരെക്കാല ദൈർഘ്യമെടുത്ത് ഉണ്ടാകുന്ന ഈ ഉൽപ്പന്നം ഭൂമിയിൽ അപര്യാപ്തമായി കൊണ്ടിരിക്കുകയാണ് .

പെട്രോളിയം ഉൽപ്പന്നങ്ങൾ ഉണ്ടാകുന്നത് ദീർഘമേറിയ കാലത്തിലൂടെയുള്ള പ്രക്രിയയിലൂടെയാണ്. അതുകൊണ്ടുതന്നെ ഇത് വരും തലമുറക്കുവേണ്ടി സംരക്ഷിച്ച് വയ്ക്കുന്നതിനുള്ള ഉത്തരവാദിത്വം നമുക്കുണ്ട് . പുനരുൽപ്പാദിപ്പിക്കാൻ കഴിയാത്ത ഊർജ

സ്രോതസ്സുകളുടെ അമിതമായ ഉപയോഗം മൂലം എന്തൊക്കെ പ്രത്യാഘാതങ്ങളാണുണ്ടാകുന്നത് എന്ന് നമുക്ക് പരിശോധിക്കാം.

ആരോഗ്യ പ്രശ്നങ്ങൾ --ഇന്ധനങ്ങൾ കത്തുന്നതിലൂടെ പുറത്തേക്കു വരുന്ന വാതകങ്ങൾ മനുഷ്യന്റെയും ജന്തു സസ്യ ജാലങ്ങളുടെയും നിലനിൽപ്പിനു അപകടകരമാണ് .ഈ വാതകങ്ങൾ മനുഷ്യനിൽ കാൻസർ പൾമണറി ഡിസോർഡേഴ്സ് എന്നിവക്ക് കാരണമാകുന്നു .

ആഗോള താപനം --ഫോസ്സിലുകളിൽ നിന്ന് ലഭിക്കുന്ന ഇന്ധനം കത്തിക്കുന്നതിലൂടെ മനോഹരമായ നമ്മുടെ പ്രകൃതിയുടെ സ്വാഭാവിക ഘടനയും സൗന്ദര്യവും നഷ്ടപ്പെടുന്നു .ബുദ്ധിമാനായ മനുഷ്യൻ ഈ കൊച്ചു ഭൂമിയുടെ ആസന്നമായ തകർച്ച ഉടൻ കാണുക തന്നെ ചെയ്യും. ഫോസ്സിൽ ഇന്ധനങ്ങൾ കത്തിക്കുന്നത് മൂലം ഉണ്ടാകുന്ന കാർബൺഡയോക്സൈഡ് ആണ് ആഗോളതാപനത്തിനു പ്രധാന കാരണമായിട്ടുള്ളത്.വർധിച്ച വരുന്ന താപനില ഭൂമിയുടെ ഉത്തരധ്രുവത്തിൽ നിന്നുംമഞ്ഞു പാളികളെ അലിയിക്കുന്നത് വഴി പല ജനവാസ പ്രദേശങ്ങളും കടലിനടിയിലാകാണ് സാധ്യതയുണ്ട് .

എണ്ണസംരക്ഷിക്കാനുള്ള വഴികൾ

- മരങ്ങൾ നട്ടു വളർത്തുക
- പാരമ്പര്യേതര ഊർജ സ്രോസസ്സുകളായ സൂര്യ പ്രകാശം വൈദ്യുതഎന്നിവ കൂടുതലായി ഉപയോഗിക്കുക
- പരമാവധി പൊതുഗതാഗത സംവിധാനങ്ങൾ ഉപായിക്കുക
- എണ്ണയുടെ അമിതമായ ഉപയോഗം കുറക്കുന്നതിനുവേണ്ടി ജിപി എസ് സംവിധാനം ഉപയോഗിക്കുക
- വാഹനങ്ങൾ ഇടയ്ക്കിടെ പരിശോധിക്കുക ശരിയായി ഗിയർമാറാൻ ശ്രമിക്കുക .ഇത് വാഹനത്തിന്റെ ഇന്ധനക്ഷമത കൂട്ടും
- വാഹനം തണുപ്പിക്കുന്നതിലൂടെ ഇന്ധനക്ഷമത കൂട്ടാൻ സഹായിക്കും ജനുവരി 4 മുതൽ 10 വരെ എണ്ണസംരക്ഷണവാരംആചരിക്കുന്നു .
- പെട്രോളിയം കൺസെർവേഷൻ റിസേർച്ച് അസോസിയേഷൻ ഇത്തരം പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനം നൽകുന്നു .

എണ്ണ അധിഷ്ഠിതമായ ഗതാഗത മാർഗ്ഗങ്ങൾക്കു ബദലായി സൗരോർജ്ജ അധിഷ്ഠിതമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് നമുക്ക് ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ് .അൽപ്പം മനസ്സും ,സന്നദ്ധതയും ഉണ്ടെങ്കിൽ ഏതു കാര്യവും സാധിക്കാവുന്നതാണ്




# മഹത് വചനങ്ങൾ

അക്ഷയ

5B

മനസ്സിനെ പാകമാക്കിയെടുക്കലാണ് മനുഷ്യ അസ്ഥിത്വത്തിന്റെ ആത്യന്തികലക്ഷ്യം ---ബി ആർ അംബേദ്കർ

നമ്മുടെ ജീവിതമെന്നത് നമ്മുടെ സൃഷ്ടിയാണ് -----ശ്രീ ബുദ്ധൻ

പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക ---ഗാന്ധിജി

പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക ---ഗാന്ധിജി

നല്ല അഭിഭാഷകരെ വളർത്തുന്നത് ചീത്ത മനുഷ്യരാണ് ----ചാൾസ് ഡിക്കൻസ്

അഭിരുചി നിയമം കൊണ്ട് നിയന്ത്രിക്കാനാവില്ല ------തോമസ് ജെഫേഴ്സൺ

അസഹിഷ്ണുത തന്നെ ഒരു തരാം അക്രമമാണ്----------മഹാത്മാ ഗാന്ധി

ആശാന് അക്ഷരമൊന്നു പിഴച്ചാൽ അൻപത്തൊന്നു പിഴയ്ക്കും ശിഷ്യന് ---കുഞ്ചൻ നമ്പ്യാർ

സൂര്യനുദിക്കുമ്പോൾ ഇരുട്ട് അകലുന്നത് പോലെ അറിവുദിക്കുമ്പോൾ അജ്ഞതയും അകലുന്നു --

നാരായണ ഗുരു

# • ഭൂഖണ്ഡങ്ങളിലൂടെ

സബിത ബി

•  എച്ച് എസ് റ്റി

1 ഏറ്റവും വലിയ ഭ്രഖണ്ഡം - ഏഷ്യ

2. ഏറ്റവും ചെറിയ ഭ്രഖണ്ഡം - ഓസ്ട്രേലിയ

3. മരുഭ്രമി ഇല്ലാത്ത ഭ്രഖണ്ഡം - യൂറോപ്പ്

4. അഗ്നി പർവ്വതം ഇല്ലാത്ത ഭ്രഖണ്ഡം - ഓസ്ട്രേലിയ

5. വെളുത്ത ഭ്രഖണ്ഡം - അന്റാർട്ടിക്ക

6. ആൾതാമസമില്ലാത്ത ഭ്രഖണ്ഡം - അന്റാർട്ടിക്ക

7. ഏറ്റവും കൂടുതൽ രാജ്യങ്ങൾ ഉള്ള ഭ്രഖണ്ഡം - ഏഷ്യ

8. ഭ്രഖണ്ഡ രാജ്യം - ഓസ്ട്രേലിയ

9. ഏറ്റവും വലിയ രാജ്യവും ചെറിയ രാജ്യവും ഉൾപ്പെടുന്ന ഭ്രഖണ്ഡം - ഏഷ്യ

10. സമുദ്രത്താൽ വേർതിരിക്കപ്പെടാത്ത ഭ്രഖണ്ഡങ്ങൾ - യൂറോപ്പ് , ഏഷ്യ



**SREERAM 8B**

# *Fun With Numbers*

**12345679 x 9 =111111111**
**12345679 x 18 =222222222**
**12345679 x 27 =333333333**
**12345679 x 36 =444444444**
**12345679 x 45 =555555555**
**12345679 x 54 =666666666**
**12345679 x 63 =777777777**
**12345679 x 72 =888888888**
**12345679 x 81 =999999999**

| | | | |
|---|---|---|---|
| **1** | **x** | **8+1=** | **9** |
| **12** | **x** | **8+1=** | **98** |
| **123** | **x** | **8+1=** | **987** |
| **1234** | **x** | **8+1=** | **9876** |
| **12345** | **x** | **8+1=** | **98765** |
| **123456** | **x** | **8+1=** | **987654** |
| **1234567** | **x** | **8+1=** | **9876543** |
| **12345678** | **x** | **8+1=** | **98765432** |
| **123456789** | **x** | **8+1=** | **98765432** |



*SHILPA P*
*9B*

# *Words Last Forever*

**1.“It is an unfortunate fact that we can secure peace only for preparing for war”-John F Kennedy**

**2.Genius is one percent inspiration and ninenty nine percent perspiration.”-Thomas Edison**

**3.Impossible is a word only to be found in the dictionary of fools.”-Napolean Bonaparte**

**4.The child is father of the man”. -William Wordsworth**

**5.The Government of the people,by the people for the people shall not perish from the earth”.-Abraham Lincoln**

**6.I have nothing to offer but blood,toil tears and sweat”.-Winston Churchil**

**7.A thing of beauty is a joy forever”. -John Keats**

**8.No evil can happento a good man,either in life or after death”.-Socrates**

**9.Whom the Gods love die young”. -Byron**

10.A single step for a man,a giant leap for mankind” -Neil Armstrong




JYOTHIKA J

7B

# The Magic Of Our Life

The life is a heaven.......
Sometimes its filled with happiness
Sometimes its filled with sadness

The life is an Ocean......
Sometimes we are finding the truth
Sometimes we are finding the lie
Sometimes we are finding the happiness
But we don't try to find the sadness

Every person had a life..........
Somebody think my life is very bad
Somebody think my life is very good
But these are not the truth
Everybody's life is mixed with the ,
happiness and sadness

The God create the men
The men create their own life,
By their wonderful thinking
These are the magic of our life......

The life is a heaven............
Don’t spoil it...........



ANJANA SHEKHAR
10A

# THE PLEASURE OF READING

Books are our best friends. Our companion may sometimes refuse to help us, as they may not be in a position to help us either because of illness or because of some other inabilities. But books are always ready to come for our help. We can listen to their words and get relaxed for them. Reading book is like talking to its writer. We listen to his words. Some books give comfort to us to a different world, created by the author.

If we have a book with us, we can never feel bored or lonely. If the book is a novel, we feel that the characters are our companions. Thus reading book is often a journey through space and time. Book provide instruction as well as delight. We learn many things by reading. They give us immense pleasure. Books are greater wealth than currency note. Every book will have some message to deliver to the society. We are highly cultured only by rich and wealthy books. They are, to us, our parents.



DEVIKA UDAYAN
10A

# FIGHT AGAINST CORRUPTION

**Corruption in these days are very common and frequently used word even children now are well aware of the word corruption. Corruption is prevailed from the early centuries from the time immortal to these days. It's a gift to the modern society and accepted by all.**

**In the early days it was a shameful fact to be in corrupt practices but now it is common. No one likes to live in a society of corruption but there is no escape from it.**

**In today's scenario, if a person wants a government job he has to pay lakhs of rupees to the higher officials irrespective of satisfying all the eligibility criteria. Political corruption is worst in India. It eats the society. The main factors of corruption is human nature and low wages given to employees.**

**Strong and firm steps are needed to curb this malpractises from societies and strong intellectuals come forward to save our country with pride.**



H KARTHIKA NAIR
10A


# LARGEST IN INDIA

1. Largest desert - Thar Desert
2. Largest freshwater lake - Wular lake
3. Largest Musuem - National Musueum
4. Largest State - Rajasthan
5. Largest Mosque - Jama Masjid
6. Largest Library - The National Library
7. Largest Salt-water lake - Chilka lake
8. Largest Gurudwara - Golden Temple









कृष्णदास

10A

# चंचल

चंचल से मिलकर कितने दिन हो गये हैं। मुझे बहुत दुख महसूस होता है। उसके साथ रहने से मैं बहुत खुश था। हम पडोसी थे। साथ साथ पढते थे। उसके पिता शराब पीते थे। फिर शामको घर में आकर माँ बच्चों को पीटते थे। उसकी माँ यह सब सहन लेती थी। उसका विचार यह था कि बच्चों का बाप है , उनका पालन पोषण करनेवाले हैं, उसके विरुद्ध आवाज़ उठाना अच्छा नहीं है। इस विचार से वह सब कुछ सहन कर लेती थी।

चंचल को माँ बाप के अलावा एक बहिन और एक भाई भी थे। संतानों में वह बडी थी। उसे बाप के कार्य-कलापों से मन में सदा दुख था। उसने माँ से पूछा भी था कि ये सब माँ क्यों सह लेती है। स्त्री होने के कारण हमें सब कुछ सहन लेने की आवश्यकता नहीं हो। बाप के खिलाफ़ उसका मन बहुत विद्रोही होने लगा था। वह सोचती थी कि बाप की सारी बातों को सहने की क्या आवश्यकता है। अब मैं आठवीं में पढती हूँ। तेरहवीं उम्र पर हूँ। इससे बचने का कोई उपाय सोचना पडेगा। माँ सह लेगी,लेकिन मैं नही। उसने भैया और छोटी बहिन से चर्चा की। उसने पिताजी के शराब के बोतल में कुछ मिलाया। उस रात पिताजी को छाती पर बडा दर्द हुआ। माँ-बच्चे भयभीत हो गये। चंचल का विचार था कि पेट खराब होने से बाप शराब पीना बंद करेगा। लेकिन हुआ कुछ और था। पिताजी अस्पताल में भर्ती हो गये। खबर जानकर माताजी ने चंचल को खूब भटकारा। उसने सोचा अगर यह खबर पिताजी को मिल जाय तो मेरी हालत क्या होगी? उसने वहाँ से निकल जाने का निश्चय किया। मेरे नाम पर एक चिट्ठी लिखकर उसने अपना घर छोड दिया ।यह सब होकर कितने दिन हुए हैं।चंचल अभी तक नहीं लौटी है।

# बेटी

लता बी
एच एस टी हिन्दी



जन्म लेती है किसी घर में
परी की तरह, तितली–सी,
पालती है कहीं, लाडली,
माँ–बाप की,
प्यारी है भाई–बहनों की
सपना देखती है आसमान
पर चढने की
भेजती है  और किसी घर में
वधू बनकर जाती है।
अगर पति अच्छा है तो,
गृहलरृक्ष्मी बनेगी वहाँ।
आसमान तक पहूँचेगी
गर्व करेंगे ससुराल
उसके नाम पर साभिमान
सपना साकार बनेगी।
अगर पति बाहर ही
है तो सच्चा इंसान,
समाप्त होती है सारी
संकल्पनाएँ मन मेंउसकी,
तो वहाँ घर में ऩौकरानी
की कमी नहीं होती पति को।
शायद चुल्हे पर जल जाएगी,
शायद रस्सी पर लटकी जाएगी,
और तालाब में डूबी जाएगी।
क्या इसके लिए पालते हैं हम,
लाडलियों को अपनी।
बेटी है क्या भविष्य है हमारी,
अस्तित्व है इस संसार का।
समझो बेटी ही हमारे
संसार का ताल है।

# ആൽബം

## ഗവൺമെൻറ് ഹയർസെക്കൻററി സ്കൂൾ തോട്ടക്കോണം





Little KITEs camp



SMART AMMA PROGRAMME




A class on cyber security &cyber crime



TRAINING FOR IED STUDENTS



Q R Code training for parents



Observing the Launching of Chaandrayan